# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 820

30/06/2015-ൽ മറുപടിക്ക്

## എറണാകുളം റീജണൽ ഡ്രഗ്സ് പരിശോധനാ ലാബ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) എറണാകുളം റീജണൽ ഡ്രഗ്സ് പരിശോധനാ ലാബിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചുവെന്നും ഇത് എന്ന് ഉദ്ഘാടനം ചെയ്തുവെന്നും വെളിപ്പെടുത്തുമോ ; | എ) എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ കെട്ടിട നിർമ്മാണത്തിന് നാലു കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2013 ഡിസംബർ 19 ന് ഈ ലബോറട്ടറി ഉദ്ഘാടനം ചെയ്തു. |
| ബി) ഇവിടെ വെള്ളം, വൈദ്യുതി എന്നിവയുടെ കണക്ഷൻ കിട്ടിയതെന്നാണെന്ന് വ്യക്തമാക്കാമോ ; | ബി) റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ കുഴൽ കിണർ വെള്ളം ലഭ്യമായതിനാൽ പ്രസ്തുത വെള്ളമാണ് പരിശോധനകൾക്ക് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. താൽക്കാലിക വൈദ്യുതി കണക്ഷൻ 2013 ഡിസംബർ 19ന് തന്നെ ലഭിച്ചിരുന്നു. സ്ഥിരമായ വൈദ്യുതി കണക്ഷൻ 23/4/2014 തീയതിയിൽ ലഭിച്ചു. കേരളാ വാട്ടർ അതോറിറ്റിയുടെ വെള്ളത്തിനുള്ള കണക്ഷൻ 12/1/2015 തീയതിയിലും ലഭിച്ചു. |
| സി) ഈ ലാബിനായി എത്ര രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ; എല്ലാ ഉപകരണങ്ങളും പൂർണ്ണമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ ; | സി) എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നാളിതുവരെ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന 3,01,76,961 രൂപയുടെ യന്ത്രോപകരണങ്ങളും, 2014-15 സാമ്പത്തിക വർഷത്തിൽ 15,74,000/-രൂപയുടെ യന്ത്രോപകരണങ്ങൾ ലബോറട്ടറി നേരിട്ടും വാങ്ങിയിട്ടുണ്ട്. ഇപ്രകാരം നാളിതുവരെ ആകെ 3,17,50,961/- രൂപയുടെ ഉപകരണ |

ങ്ങൾ പ്രസ്തുത ലബോറട്ടറിയിൽ വാങ്ങിയിട്ടു ണ്ട്. വാങ്ങിയ ഉപകരണങ്ങൾ എല്ലാം പ്രവർത്തിക്കുന്നുണ്ട്.

ഡി) ഈ ലാബിലേക്ക് എത്ര തസ്തികകൾ അനുവദിച്ചു ; ഇതിൽ പൂർണ്ണമായും നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

ഡി) എറണാകുളത്ത് പ്രവർത്തനം ആരംഭിച്ച റീജി യണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ട റിയിലേയ്ക്ക് 30 തസ്തികകൾ അനുവദിച്ചു. ഇതിൽ 29 തസ്തികകളിൽ നിയമനം നടത്തി യിട്ടുണ്ട്. നിയമനം നടത്താൻ അവശേഷിക്കുന്ന ഒരു തസ്തിക ഡ്രൈവർ കം പ്യൂണിന്റേതാണ്.

ഇ) 2014 വർഷത്തിൽ ഇവിടെ എത്ര സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്; ഇതിൽ ഗുണനിലവാരമില്ലാത്ത എത്ര സാമ്പിളുകൾ ഉണ്ട്; അവയിൽ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഉണ്ടോ ;

ഇ) 2014 വർഷത്തിൽ എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 705 മരുന്നു സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്. ഇതിൽ 6 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചു. അവയിൽ 4 മരുന്നു സാമ്പിളു കൾ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നവ (Government Samples) ആ ണ്.

എഫ്) തിരുവനന്തപുരം ലാബിൽ 2013, 2014 വർഷങ്ങളിൽ എത്ര സാമ്പിളുകൾ പരിശോധിച്ചു ; ഇവയിൽ എത്ര എണ്ണം ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്;

എഫ്) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 2013 വർഷം 4465 മരുന്നു സാമ്പിളുകൾ പരിശോധിച്ചതിൽ 190 എണ്ണം ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപി ച്ചിട്ടുണ്ട്. കൂടാതെ 2014 വർഷത്തിൽ 4082 മരുന്നു സാമ്പിളുകൾ പരിശോധിക്കുകയും അവയിൽ 120 എണ്ണം ഗുണനിലവാരമില്ലാത്ത തായി പ്രഖ്യാപിക്കുകയയും ചെയ്തിട്ടുണ്ട്.

ജി) റീജിയണൽ ലാബ് പ്രവർത്തിച്ചു തുടങ്ങിയതിന് ശേഷം മരുന്നു പരിശോധനയിൽ വർദ്ധനവുണ്ടായി ട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ ?

ജി) എറണാകുളത്ത് പുതിയതായി റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് നിലവിൽ വരുന്നതുവരെ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഒരു മരുന്ന് പരിശോധന ലബോറട്ടറി മാത്രമാണ് ഉണ്ടായിരുന്നത്. നിലവിലെ പരിമിതിക്കനു സൃതമായി പ്രതിവർഷം 4000 മരുന്ന് സാമ്പിളുകൾ മാത്രമാണ് ഇവിടെ

പരിശോധിക്കാൻ സാധിച്ചിരുന്നത്. എറണാകുളത്തെ റീജിയണൽ ലാബിന്റെ പ്രവർത്തനത്തോടെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മരുന്നു പരിശോധനാ ലാബുകൾ 2 എണ്ണം ആയതോടെ വിപണിയിൽ വിതരണം ചെയ്യുന്ന കൂടുതൽ മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**